പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7854 16.07.2014-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിൻെറ പ്രവർത്തനത്തിന് വിദേശ സാങ്കേതിക സഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാർ വിദേശ രാജ്യങ്ങളുടെയോ ഏജൻസികളുടെയോ സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിദേശ രാജ്യങ്ങളുടെയോ, ഏജൻസികളുടെയോ സാങ്കേതിക സഹായം നേരിട്ട് ലഭ്യമാക്കിയിട്ടില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി — യുടെ പാർട്ട്-എ ടെണ്ടർ വിളിച്ച് അവാർഡ് ചെയ്തത് കെപ്കോ കെ.ഡി.എൻ. (KEPCO KDN) എന്ന കൊറിയൻ കമ്പനിക്കാണ്. അതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഏതെല്ലാം മേഖലകളിലാണ് ഇത്തരം സാങ്കേതിക സഹായം ഉപയോഗിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT & C loss) 15% ൽ താഴെ കുറയ്ക്കുവാൻ വേണ്ടിയാണ് ഈ സഹായം ലഭ്യമാക്കിയത്. വിശദാംശങ്ങൾ (എ) യുടെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഇതു മൂലം ബോർഡിനുണ്ടായ നേട്ടങ്ങൾ സംബന്ധിച്ച വിശദാംശം നല്കുമോ ? | (സി) | ഈ പദ്ധതിയുടെ ഭാഗമായുള്ള കമ്പ്യൂട്ടർവൽക്കരണം മുഖേന താഴെപ്പറയുന്ന മേഖലകളിലെ കാര്യക്ഷമത മെച്ചപ്പെട്ടും.<br>• ഉപഭോക്താക്കളുടെ മീറ്ററിംഗ്, ബില്ലിംഗ്, കളക്ഷൻ<br>• ബോർഡിനു വേണ്ടിയുള്ള സാധന സാമഗ്രികളുടെ വാങ്ങലും, സൂക്ഷിക്കലും, കൈകാര്യം ചെയ്യലും<br>• മാനവ വിഭവ ശേഷി നിർവ്വഹണം<br>• എനർജി ഓഡിറ്റിംഗ്<br>• കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം<br>കേന്ദ്രീകൃത അക്കൗണ്ടിംഗ് സംവിധാനം |

സെക്ഷൻ ഓഫീസർ.

ധ.ഴ. നം. 7854

<u>അനുബന്ധം</u>

പ്രസരണ വിതരണ നഷ്ടം കുറയ്ക്കുവാനും വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുവാനുമായി 50,000 കോടി രൂപ എല്ലാ സംസ്ഥാനങ്ങൾക്കുമായി ധനസഹായം നൽകുവാൻ കേന്ദ്ര ഗവൺമെന്റിന്റെ 19.9.2008 ലെ ഉത്തരവ് പ്രകാരം ആർ.എ.പി.ഡി.ആർ.പി. പദ്ധതി മുഖേന വിഭാവനം ചെയ്തിരിക്കുന്നു. ഈ പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായുള്ള ഐ.ടി ഇംപ്ലിമെന്റേഷൻ കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കാൻ വേണ്ടി 214.38 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ പാർട്ട്-എ യുടെ ഭാഗമായുള്ള സ്കാഡ ഇംപ്ലിമെന്റേഷൻ കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ 3 നഗരങ്ങളിൽ നടപ്പിലാക്കാൻ വേണ്ടി 83.15 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നോഡൽ ഏജൻസിയായി കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷനെയാണ് (പി.എഫ്.സി.) കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. കെ.എസ്.ഇ.ബി-യിൽ ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന ജോലികൾ ചെയ്തു തീർക്കുവാൻ ഉദ്ദേശിക്കുന്നു.

- കെ.എസ്.ഇ.ബി ഓഫീസുകളെ തമ്മിലും ഡാറ്റാസെന്ററുമായും ഉള്ള ബന്ധം സ്ഥാപിക്കാനുള്ള സംവിധാനം.
- ഡാറ്റാ സെന്റർ സ്ഥാപിക്കൽ
- എനർജി ഓഡിറ്റിംഗ്
- മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം
- GIS അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ ക്രമപ്പെടുത്തലും ആസ്തി അടയാളപ്പെടുത്തലും
- GIS അടിസ്ഥാനപ്പെടുത്തിയുള്ള സമഗ്ര വിവരശൃംഖല വിശകലനം
- കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം
- വെബ് അടിസ്ഥാനപ്പെടുത്തിയുള്ള സ്വയം സേവനങ്ങൾ
- തിരിച്ചറിയലും വിവര ശൃംഖലയിലേക്കുള്ള പ്രവേശനനിയന്ത്രണ സംവിധാനവും
- ഉപഭോക്താക്കളുടെ കമേഴ്സ്യൽ വിവരശേഖരം രൂപീകരിക്കുക
- മെയിലും സന്ദേശങ്ങളും അയക്കുന്നതിനുള്ള സംവിധാനം
- ആന്റിവൈറസ് പ്രതിവിധികൾ
- എന്റർപ്രൈസ് ആർക്കിടെക്ചർ സ്ഥാപിക്കൽ

ഐ.ടി ഇംപ്ലിമെന്റേഷൻ പദ്ധതി നടപ്പിലാക്കാനായി കൊറിയൻ പൊതുമേഖലാ കമ്പനിയായ കെപ്കൊ കെ.ഡി.എൻ (KEPCO KDN) എന്ന കമ്പനിയെ പി.എഫ്.സി. എംപാനൽ ചെയ്ത കമ്പനികളിൽ നിന്നും ടെണ്ടർ പ്രകാരം തിരഞ്ഞെടുത്തു. അതുപോലെ സ്കാഡ ഇംപ്ലിമെന്റേഷൻ പദ്ധതിയ്ക്ക് ഷ്നൈഡർ ഇലക്ട്രിക് (Schneider Electric) എന്ന കമ്പനിയെയും പി.എഫ്.സി. എംപാനൽ ചെയ്ത കമ്പനികളിൽ നിന്നും ടെണ്ടർ പ്രകാരം തിരഞ്ഞെടുത്തു.

സെക്ഷൻ ഓഫീസർ